"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് -ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മസ്കുലർ ഡിസ്ട്രോഫി രോഗബാധിതനായ തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിലെ സീനിയർ ക്ലാർക്ക് ശ്രീ.ചന്ദ്രൻ കെ.എൽ.നെ സർവീസിൽ നിലനിർത്തുന്നതിന് ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2024/AYUSH തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:-
1. ശ്രീ.ചന്ദ്രൻ കെ.എൽ 22.06.2023 തീയതിയിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ സമർപ്പിച്ച ഹർജി
2. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 21.08.2023 തീയതിയിലെ OP(RPWD) No. 2605/S7/2023 നമ്പർ ഹർജിയിന്മേലുള്ള ഉത്തരവ്
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 05.10.2023 തീയതിയിലെ ഇ1/758/2023/ഡിഎംഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. ചന്ദ്രൻ കെ.എൽ. മസ്കുലർ ഡിസ്ട്രോഫി (Late Onset Pompe Disease) എന്ന രോഗം മൂലം ഭിന്നശേഷിക്കാരനായി മാറിയതിനാൽ ടിയാൾക്ക് ഇപ്പോൾ ജോലിക്കു പോകാനോ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഏർപ്പെടാനോ കഴിയാത്ത ഒരു ജീവിതാവസ്ഥയാണെന്നും ആയതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ പരാമർശം (1) പ്രകാരം ഹർജി നൽകിയിരുന്നു.

2.ശ്രീ.ചന്ദ്രൻ കെ.എൽ. സമർപ്പിച്ച ഭിന്നശേഷി സർട്ടിഫിക്കേറ്റിന് ആധാരമായ പരിശോധന നടത്തുന്നതിന് ആലുവ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിച്ച് ടിയാളുടെ ഭിന്നശേഷി തോത് നിർണ്ണയിക്കുകയും ഹർജിക്കാരന് 2016-ലെ ഭിന്നശേഷി അവകാശ നിയമം 20(4)ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പരിരക്ഷയും, ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അർഹതയുണ്ടെന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു . തുടർന്ന്,ടിയാൻ ഹർജി ഫയൽ ചെയ്ത 24.06.2023 മുതൽ മാത്രമേ ടി നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ എന്ന് വ്യക്തമായ നിരീക്ഷണത്തോടെ ഹർജിക്കാരന് അനുകൂലമായി സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പരാമർശം (2)പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഹർജിക്കാരനെ 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം സൂപ്പർ ന്യൂമററി ആയി സർക്കാർ സർവ്വീസിൽ ടിയാന്റെ വിരമിക്കൽ തീയതി വരെയോ, ജീവിത അവസാനം വരെയോ, ഇവയിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ മുഴുവൻ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും, ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ, അർഹതപ്പെട്ട

പ്രൊമോഷൻ എന്നിവ 24.06.2023 മുതലുള്ള പ്രാബല്യം നൽകി സർവ്വീസിൽ തുടരാൻ അനുവദിച്ച് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) ലെ സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും , തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ. ചന്ദ്രൻ കെ.എൽ.ന് ഒരു തസ്തികയുടെയും ചുമതല നിർവഹിക്കാൻ കഴിയാത്ത വിധം മസ്കുലർ ഡിസ്ട്രോഫി രോഗ ബാധിതനായി അവശത നേരിടുന്നതിനാൽ , 24.06.2023 തീയതി പ്രാബല്യത്തിൽ ശമ്പളം, ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ ,അർഹതപ്പെട്ട പ്രൊമോഷൻ മറ്റ് സർവീസ് ആനുകൂല്യങ്ങൾ എന്നിവ സഹിതം ടിയാന്റെ വിരമിക്കൽ തീയതി വരെ സർവീസിൽ നിലനിർത്തുന്നതിന് ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

സംസ്ഥാന ഭിന്നശേഷി കമ്മീഷണർ , ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ,ആഞ്ജനേയ, റ്റി.സി. 9/1023 (1) ,ഗ്രൗണ്ട് ഫ്ലോർ , ശാസ്തമംഗലം ,തിരുവനന്തപുരം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

ശ്രീ. ചന്ദ്രൻ കെ.എൽ , സീനിയർ ക്ലാർക്ക് , ഗവ. ആയുർവേദ കോളേജ് ,തൃപ്പൂണിത്തുറ (ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള ,തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2105 തീയതി 06.03.2024 പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (Advice-B) വകുപ്പ് (U.O(F) No.ADV-B1/223/2023-P&ARD തീയതി 18.10.2023 പ്രകാരം)

ധനകാര്യ വകുപ്പ് ( U.O (F) No.2593325/HLT-B1/216/2023-FIN തീയതി 20.11.2023 , 12.02.2024 പ്രകാരം)

സാമൂഹ്യ നീതി (ബി) വകുപ്പ് (U.O (F) No. ബി1/348/2023/സാനീവ തീയതി 06.12.2023 പ്രകാരം)

നിയമ വകുപ്പ് (U.O(F)No.ഒപ്പീനിയൻ-എഫ്2/164/2023-നിയമം തീയതി 28.12.2023 പ്രകാരം)

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 07-03-2024 16:46:05

പകർപ്പ് :

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്